©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഡിസംബർ 22<br>22nd December 2020<br>1196 ധനു 7<br>7th Dhanu 1196<br>1942 പൌഷം 1<br>1st Pousha 1942 | നമ്പർ<br>No. | 50 |

## PART IV

# Private Advertisements and Miscellaneous Notifications

8. *Cancellation of licence and taking control of jetties, slipways, etc. by the Board.*—(1) In the event of delay or default in such erection and completion or any breach of any of the conditions of this regulation the Cochin Port Trust may cancel the licence and assume control of or otherwise dispose of all or any part of the jetty, slipways or piers, as the case may be, or remove and dispose of any other structures or other improvements affected on the said site that may have been constructed as well as the site thereof, at the expense of the person concerned and the licensee shall have no right in the land in consequence of erection made thereon.

(2) It shall be open to the Deputy Conservator to appropriate or set off the cost ot removal or other damage the Board may sustain due to the licencee's default out of the sale proceeds of the things removed or disposed of in the manner herein before provided and the licence granted, unless otherwise cancelled, shall remain in force for a period of one year.

9. *Avoidance of obstruction to navigation.*—The licensee shall not encroach into the water- front beyond the perpendicular length of twenty meters in the Mattancherry Channel and five meters in all other areas. Any relaxation to the specified limits should have the concurrence of the Deputy Conservator on case by case basis after obtaining approval of competent authority. In any case the licensee shall not at any time cause any obstruction to the normal flow of the water traffic and navigation.

10. *Security of the Jetty.*— (1) The licensee shall be responsible for the security of the jetty and shall maintain a log book which will show the registry number of boats, the name and identity of all the crew of various boats tied up at the jetty.

(2) The log book shall be produced for inspection upon demand by Port or any Authority Authorized by the Government.

(3) The licensee shall keep a tab on all users of the jetty and shall be liable to report any strangers, including foreigners, to the nearest Police Station.

11. *Environmental protection.*—The licensee shall be responsible for the environmental protection and ensure that there shall not be any discharge of oily wastes from any boats tied up alongside the jetty or pier or slipway.

12. *Fish landing.*—Fish-landing will not be permitted at the jetties. Authorised fish-landing centres shall only be used by the jetty users.

13. *Failure to observe conditions.*—The licensee shall abide by all conditions stipulated above and failure to observe any of the conditions may entail cancellation of the licence.

(Sd.)
*Secretary.*

---

## മ്യൂസിയം മൃഗശാല വകുപ്പ്

പുനർ ദർഘാസ് പരസ്യം

നമ്പർ എം.ഇസഡ് (ഡി)–3855/2020. 2020 ഡിസംബർ 1.

മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിനോട് അനുബന്ധിച്ച് ജീവനക്കാർക്കും സന്ദർശകർക്കും ഭക്ഷണ സാധനങ്ങൾ നൽകുന്ന ഒരു ക്യാന്റീൻ 1–2–2021 മുതൽ ഒരു വർഷക്കാലം കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് സാമ്പത്തികശേഷിയും മുൻപരിചയവുമുള്ള വ്യക്തികളിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക—₹ 4,00,000.

ജീവനക്കാർക്കും സന്ദർശകർക്കും വെവ്വേറെ നിരക്കുകളിലാണ് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യേണ്ടത്. ഓരോ ഇനം ഭക്ഷണസാധനത്തിനും ജീവനക്കാർക്ക് നൽകുന്ന വില പ്രത്യേകം കാണിക്കേണ്ടതാണ്. ദർഘാസിൽ വില രേഖപ്പെടുത്താത്ത ഇനങ്ങൾ വിൽക്കുന്നതിന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ദർഘാസുകൾ നിശ്ചിത ഫോറത്തിലാണ് സമർപ്പിക്കേണ്ടത്. ദർഘാസ് ഫോറത്തിന്റെ വില ₹ 500–ം ഡ്യൂപ്ലിക്കേറ്റിന് ₹ 250–ം ഒടുക്കേണ്ടതാണ്. ടെൻഡർ ഫോമുകൾ 28–12–2020 മുതൽ 30–12–2020 വരെ ഈ ഓഫീസിൽ നിന്നും പ്രവർത്തി സമയത്ത് ലഭിക്കുന്നതാണ്. ദർഘാസുകൾ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കേണ്ട അവസാന തീയതി 31–12–2020–ന് വൈകുന്നേരം 2 മണി വരെയാണ്. വൈകിക്കിട്ടുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസിനോടൊപ്പം മുൻപരിചയ സർട്ടിഫിക്കറ്റും, ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. അന്നേ ദിവസം 3 മണിക്ക് അപ്പോൾ ഹാജരായിട്ടുള്ള കരാറുകാരുടെയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. ഓരോ ദർഘാസിനൊപ്പവും ₹ 5,000–ന്റെ നിരതദ്രവ്യം ഡയറക്ടറുടെ പേരിൽ ഡി. ഡി. ആയി അടയ്ക്കേണ്ടതാണ്. കൂടാതെ ₹ 1,00,000–ന്റെ

സോൾവൻസി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. കരാർ ഉറപ്പിച്ച് കിട്ടുന്ന കരാറുകാരൻ നിശ്ചിത ദിവസം തന്നെ ക്യാന്റീൻ ആരംഭിക്കേണ്ടതും അതിന് മുൻപായി ₹ 75,000 സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കേണ്ടതും കൂടാതെ ₹ 200-ന്റെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. ക്യാന്റീൻ നടത്തുന്ന കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വാടക മുൻകൂറായി കരാറുകാരൻ അടയ്ക്കേണ്ടതും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. ദർഘാസുകൾ കാരണം കൂടാതെ നിരസിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

നിരക്ക് രേഖപ്പെടുത്തേണ്ട ഭക്ഷണ സാധനങ്ങളുടെ വിവരങ്ങളും, അളവും, മറ്റ് നിബന്ധനകളും തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. ഗ്രീൻ പ്രോട്ടോക്കാൾ അനുസരിച്ച് പ്ലാസ്റ്റിക്ക് പോളിത്തീൻ കവറുകളിൽ പാക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ യാതൊരു കാരണവശാലും ക്യാന്റീനിൽ വിൽക്കുവാൻ അനുവദിക്കുന്നതല്ല. കൂടാതെ സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമായിരിക്കുന്നതാണ്. ക്യാന്റീനിൽ വിതരണം ചെയ്യേണ്ട ഭക്ഷണ സാധനങ്ങളുടെ ലിസ്റ്റ് ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

ഫോൺ: 0471 2316275.

മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

(ഒപ്പ്)
ഡയറക്ടർ.

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

### വിജ്ഞാപനം

[ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 164 വകുപ്പ് പ്രകാരം]

നമ്പർ ഡിബി./ഗസറ്റ്/01/2020-21. 2020 ഒക്ടോബർ 1.

കേരള സംസ്ഥാനത്തിലെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗത്തിനു പരിഹാരമായി, മദ്ധ്യകേരളത്തിൽ ആലപ്പുഴ ജില്ലയിലെ തുറവൂരിൽ പുതുതായി പണികഴിപ്പിക്കുന്ന 220 കെ.വി. ട്രാൻസ്ഗ്രിഡ് സബ്സ്റ്റേഷനിൽനിന്നും, ആലപ്പുഴ ജില്ലയുടെ വടക്കൻ മേഖലയിലുള്ള ചേർത്തല, തൈക്കാട്ടുശ്ശേരി, അരൂർ സബ്സ്റ്റേഷനുകളിലേയ്ക്കും എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി സബ്സ്റ്റേഷനുകളിലേയ്ക്കുമായി നിലവിലുള്ള 66 കെ. വി. ലൈനുകളുടെ ശേഷി വർദ്ധിപ്പിച്ച്, ഉദ്ദേശം 37 കി.മീ. പുതിയ 110 കെ. വി. ഡബിൾ സർക്യൂട്ട് പ്രസരണ ലൈനുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികളുടെ ഭാഗമായി, സർവ്വേ ജോലികൾക്കും, മുറിച്ചുമാറ്റേണ്ടുന്ന മരങ്ങളുടെ കണക്കെടുപ്പ്, മണ്ണ് പരിശോധന, നിർമ്മാണ പ്രവർത്തനങ്ങൾക്കുംവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഉദ്യോഗസ്ഥരോ അവർ ചുമതലപ്പെടുത്തുന്ന മറ്റ് വ്യക്തികളോ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ കടക്കരപ്പള്ളി, പട്ടണക്കാട്, തുറവൂർ തെക്ക്, കുത്തിയതോട്, കോടംതുരുത്ത്, എഴുപുന്ന, അരൂർ, തൈക്കാട്ടുശ്ശേരി വില്ലേജുകളും എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട കുമ്പളങ്ങി, രാമേശ്വരം, പള്ളൂരുത്തി, തോപ്പുംപടി വില്ലേജുകളിലുള്ള സ്വകാര്യ ഭൂമികൾ ഉൾപ്പെടെയുള്ള വസ്തുക്കളിൽ കൂടി അവരുടെ നിയമാനുസൃതമായ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി നിശ്ചിത സമയങ്ങളിൽ പ്രവേശിക്കുന്നതാണെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. പ്രസ്തുത ജോലി ചെയ്യുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്നും അറിയിക്കുന്നു.

ട്രാൻസ്മിഷൻ ഡിവിഷൻ,
ആലപ്പുഴ.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.